# പൈതൃകവിമർശം

സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
(വർഷത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നത്)

പത്രാധിപസമിതി

ഡോ. ടി. സജിത (സ്കൂൾ ഡയറക്ടർ)
ഡോ. കെ. എം. ഭരതൻ
ഡോ. സുനിത ടി. വി.
ഡോ. കെ. വി. ശശി

ലക്കം പത്രാധിപർ
ഡോ. കെ. എം. ഭരതൻ

---

പൈതൃകവിമർശം
സംസ്കാരപൈതൃകപഠനസ്കൂൾ ജേണൽ
ലക്കം പത്രാധിപർ: ഡോ. കെ. എം. ഭരതൻ
പ്രസാധകൻ: രജിസ്ട്രാർ ഇൻ-ചാർജ്
•

© തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരള - 676 502
വില : 200
പ്രസിദ്ധീകരിച്ച വർഷം : 2023
അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ
കവർ ഡിസൈൻ : ഉജീഷ് എം. ടി.
രൂപകല്പന : ബീന കെ. പി.
പ്രസാധനം :
സംസ്കാരപൈതൃകപഠനസ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഇ-മെയിൽ : paithrukavimarsam@gmail.com

Critique of Heritage
School of Cultural Heritage Studies Journal
Issue Editor: Dr. K. M. Bharathan
Publisher: Registrar in-charge
•

© Thunchath Ezhuthachan Malayalam University
Aksharam Campus, Vakkad P.O., Tirur,
Malappuram Dist., Kerala - 676 502.
Price Rs.200
Published on: 2023
Printed at : The Calicut University Central Co-operative Stores Ltd
Cover designed by : Ujeesh M. T.
Layout: Beena K. P.
Published by :
School of Cultural Heritage Studies
Thunchath Ezhuthachan Malayalam University
e-mail : paithrukavimarsam@gmail.com

8. ഡോ. ടി. ജിതേഷ് ........................................................ 97–106
ദ്രാവിഡത്തനിമ - ഉണർച്ചയുടെ നിറത്തോറ്റങ്ങൾ

9. ഡോ. എൻ. രജനി ........................................................ 107–116
വെളുപ്പിന്റെ പ്രതീകവിതാനങ്ങൾ

10. ഡോ. സുഷമകുമാരി കെ. എസ് ........................................................ 117–133
കറുപ്പും മലയാളകവിതയിലെ ദളിത് സ്വത്വബോധവും

11. ഡോ. സ്വപ്ന ആന്റണി ........................................................ 134–142
കേരളീയരുടെ നിറബോധവും
സാമൂഹികസാംസ്കാരിക ജീവിതവും

12. ബി. ശിവകുമാർ ........................................................ 143–152
കഥകളിയിലെ വേഷവർണ്ണങ്ങൾ

13. ഡോ. ജി. സജിന ........................................................ 153–163
ചായംമുക്കൽ: പഠനവും പാഠവും

14. റാഷിക് എൻ. കെ. ........................................................ 164–172
വടക്കുകിഴക്കൻ ഇന്ത്യൻ കൂട്ടായ്മയുടെ നിറബോധം

15. ഹരിത എൻ. എസ് ........................................................ 173–184
നിറങ്ങളുടെ മാതിരി ഭേദങ്ങൾ: വസ്ത്രങ്ങളെ
മുൻനിർത്തിയുള്ള പഠനം

■ ഡോ. ജി. സജിന

# ചായംമുക്കൽ:പഠനവും പാഠവും

*സംഗ്രഹം:*

ഗണിതം, വൈദ്യം, വാസ്തുവിദ്യ, ചായംമുക്കൽ എന്നിങ്ങനെ ആധുനികലോകം അൽഭുതാദരങ്ങളോടെ നോക്കിക്കാണുന്ന അനേകം പ്രാദേശിക വിജ്ഞാനങ്ങൾ കേരളീയ ഗ്രാമങ്ങളിൽ നിലനിന്നിരുന്നു. അവയിൽ ഗണിതം പോലുള്ള ചിലത് ഇന്നും തലയെടുപ്പോടെ നിൽക്കുമ്പോൾ മറ്റു പലതും കാലഹരണപ്പെടുകയോ ഏറെക്കുറെ അപ്രത്യക്ഷമാവുകയോ ചെയ്തു. കേരളത്തിലെ സുഗന്ധദ്രവ്യങ്ങൾക്കെന്നപോലെ വിദേശികളുടെ ഇടയിൽ ഇവിടുത്തെ പരുത്തിത്തുണികൾക്കും പലതരം ചായംമുക്കിയ തുണികൾക്കും പ്രിയമുണ്ടായിരുന്നു. നീലവും ചപ്പങ്ങവും വിദേശ വാണിജ്യത്തിൽ കച്ചവടച്ചരക്കുകൾ ആയിരുന്നു. ചുറ്റുപാടും സാധാരണമായി ലഭ്യമാകുന്ന വസ്തുക്കളെ സൂക്ഷ്മമായി നിരീക്ഷിച്ച് തികഞ്ഞ പ്രായോഗികതയോടെ രൂപപ്പെടുത്തിയിരിക്കുന്ന ചായംമുക്കൽ പോലെയുള്ള പ്രാദേശിക വിജ്ഞാനങ്ങൾ കാലക്രമത്തിൽ നഷ്ടപ്രായങ്ങളായിത്തീർന്നിട്ടുണ്ട്. ഹെർബൽ വസ്ത്രങ്ങൾക്കും ഹെർബൽ ചായക്കൂട്ടുകൾക്കും വളരെയധികം പ്രാധാന്യമുള്ള സമകാലത്ത് മലയാള സർവകലാശാലയുടെ താളിയോല ഗ്രന്ഥശേഖരത്തിലുള്ള 'ചായംമുക്കൽ' എന്ന ഗ്രന്ഥത്തിന്റെ പാഠം വളരെ പ്രസക്തമാണ്. 75000 ഗ്രന്ഥങ്ങളുള്ള കേരള സർവകലാശാലയുടെ താളിയോല ഗ്രന്ഥശേഖരത്തിൽ പോലും ഇല്ലാത്ത ഒരു അപൂർവ്വ കൃതിയാണ് ഇത്. സമകാലത്തിന്

*ഏറ്റവും പ്രയോജനപ്രദമായ ഈ കൃതിയുടെ പാഠവും പ്രാഥമിക പഠനവും ആണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.*

**താക്കോൽ വാക്കുകൾ:**

*ചായംമുക്കൽ, സസ്യജന്യചായങ്ങൾ, അമ്ലവിധി, ക്ഷാരവിധി.*

## ഗ്രന്ഥവിവരണം

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സംസ്കാരപൈതൃക പഠനസ്കൂളിന്റെ താളിയോല ഗ്രന്ഥശേഖരത്തിലെ പതിനഞ്ചാം നമ്പർ ഗ്രന്ഥം വൈദ്യം, ഗണിതം, ചായംമുക്കൽ, സ്തോത്രങ്ങൾ എന്നിങ്ങനെ അപൂർണ്ണമായ കൃതികളുടെ ഒരു സമാഹാരമാണ്. ഇതിലെ ആദ്യത്തെ 12 ഓലകൾ മാത്രമുള്ള ഒരു ലഘു ഗ്രന്ഥമാണ് ചായം മുക്കൽ. 15 സെൻറീമീറ്റർ മുതൽ 20 സെ.മി. വരെ നീളമുള്ള ഓലകളുടെ വീതി 3.5 സെൻറീമീറ്റർ മുതൽ 4.5 സെൻറീമീറ്റർ വരെയാണ്. ഒരു ഓലയിൽ ശരാശരി 6 വരികളും 20 അക്ഷരവും ഉണ്ട്. ഗ്രന്ഥസംഖ്യ 130. ആകെ 12 ഓലയുള്ളതിൽ 5, 11 എന്നീ ഓലകൾക്ക് നമ്പർ നൽകിയിട്ടില്ല. മറ്റെല്ലാ ഓലയിലും പ്രാചീന മലയാള അക്കങ്ങൾ ഉപയോഗിച്ച് ഇടതുഭാഗത്ത് നമ്പർ നൽകിയിട്ടുണ്ട്. മലയാള ലിപിയാണ് ഈ കൃതിയിൽ ഉപയോഗിച്ചിട്ടുള്ളത്. വൈദ്യ ഗ്രന്ഥങ്ങളിലും മറ്റും കാണുന്ന മണിപ്രവാള ശൈലിയിലാണ് രചന. പ്രകൃതിദത്തമായ സസ്യജന്യ ചായങ്ങൾ ഉപയോഗിച്ച് വസ്ത്രങ്ങൾക്ക് വിവിധ നിറങ്ങൾ നൽകുന്നതിന്റെ രീതിഭേദങ്ങളാണ് പ്രതിപാദ്യം. തിരുനാവായ തേരാമത്തുവീട്ടിൽ നിന്നാണ് ഈ ഗ്രന്ഥം ലഭിച്ചത്.

## ഉള്ളടക്കം

പദ്യരൂപത്തിലും ഗദ്യരൂപത്തിലുമായി പലതരം ചായം മുക്കൽ രീതികൾ കൃതിയിൽ പ്രതിപാദിച്ചിട്ടുണ്ട്. പദ്യ ഭാഗം അവ്യവസ്ഥിതമാണ്. ഹരിശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു എന്ന മംഗളാചരണത്തോടുകൂടി ആരംഭിക്കുന്ന ഗ്രന്ഥം 'വസ്ത്രെ ചിത്രം വരുത്തേണ്ടുകിൽ' എന്നിങ്ങനെ വിഷയ സൂചനയും നൽകുന്നുണ്ട്. തുടർന്ന് അരുണ നിറം, ചന്ദ്രകാവി, നീല,കറുപ്പ് മഞ്ഞ നിറം പച്ചനിറം എന്നിവ നൽകുന്നതിനുള്ള മാർഗങ്ങൾ 30 വരെ ശ്ലോകങ്ങളിലായി പ്രതിപാദിക്കുന്നു. തുടർന്ന് മുഷിഞ്ഞ പട്ട് വസ്ത്രം കഴുകുന്ന രീതികളും ചില ചായങ്ങൾ നൽകുന്ന രീതികളും ഗദ്യ രൂപത്തിലും പ്രതിപാദിച്ചിട്ടുണ്ട്. ആട്ടപ്രകാരങ്ങളിലും മറ്റും കാണുന്ന നിർദ്ദേശാത്മക ഗദ്യ രീതിയാണ് ഇതിലെ ഗദ്യത്തിന്റേത്. സസ്യജന്യചായങ്ങൾ വേർതിരിച്ചെടുക്കാൻ ഉപയുക്തമാകുന്ന കേരളീയ സസ്യങ്ങളെക്കുറിച്ചുള്ള വലിയൊരു വിജ്ഞാനം ഈ കൃതിയിൽ ഉള്ളടക്കം ചെയ്യപ്പെട്ടിട്ടുണ്ട്. കടുക്ക കടപ്ലാവിന്റെ പട്ട, വേര്, കൗസുംഭ പുഷ്പം, കടലാടി, ചപ്പങ്ങ, കുന്നിയില, അമരിയില, നീലാം പാലയില കരിങ്കരത്വക്ക്, കരിഞ്ഞാവൽപാത്രം, തകരയില, ഉറുമാമ്പഴം ചേർ ക്കുരു, താന്നിക്ക, കാശാവിന്റെ ഇല, പുന്നപ്പൂവ്, കഴുങ്ങ, കൈതോന്നി, പച്ച മഞ്ഞൾ,

ച്ചിട്ടു വീതോപരി നിവരെ വിരിച്ചാലേഖ്യ തൂലികാഗ്രൈരനേന
വെദയ്യാട്ടിലാന്ദ്രീകൃത മെഴുകിലുടനതു മുക്കിമുക്കി ക്ഷണേന (1)

വാജിവാരണ ലതാകുസുമാദി
നന്യ ഭൂതാദി ഖഗഭേദെ നഗാദ്രിം
വ്യാഘ്ര സിംഹ ജലജന്തുവിശേഷാ-
നാലിഖെ ജനദൃങ് മനോഹരാ (2)

നാനാവർണ്ണം വരുത്തേണ്ടുകിലരുണനിറം വേണ്ടതല്ലാത്തതെല്ലാ-
മച്ഛിന്നംതൂലികാഗ്രൈരെഴുതിമെഴുകുകൊണ്ടാചരാദ്യ പിന്നെ തദ്വൻ
മറൊപുറത്തുറ മെഴുകെഴുതി മറിച്ചിട്ടതിൽ രണ്ടുപാടുീ
ക്ഷാരം തേക്കേണമഞ്ചാറുരു പതുവധിൽ മുക്കീട്ടു പോർകെ ചിദന്തോ (3)

പൊടിപ്പുനൽപ്പടിക്കാര -
മളന്നാൽ നാലിരട്ടി നീർ
ചേർത്തുരുക്കിയ നീർ തേക്ക-
വഞ്ചാറുരു ഉണക്കിയും (4)

ക്ഷാരം തേച്ചുകഴിഞ്ഞചേല കഴുകി പിന്നെ പടിക്കാരനീർ
തന്നിൽ ശുദ്ധ മിരിമ്പുചുട്ടു മുഴുകിച്ചേറ്റം തണുത്താലതിൽ
മുക്കൊച്ചേല ഒരിക്കലസ്യ മെഴുകിച്ചുഷ്ണോടക മുക്കിയാ-
ലൊക്കെപോമഥരക്തവർണവുമഭീഷ്ടമേറുമച്ചേലമേൽ(5)

ചെഞ്ചായാഖ്യം തൃണമയമതോ
നൊങ്ങണപ്പുല്ലുപോലെ
കേൾപ്പു സാമ്യം ഭവതു ബഹുശം
പാണ്ഡ്യ ചോളാദിദെ
മൊതിക്കൃഷ്യാഖ്യ ദ്വിവിധ മവിടെ
ക്ഷുദ്രൻ സംജ്ഞ
______________________________
____________________________ (6)
പുവത്തന്യദ്രവ്യം പനിയുതൽ
നിച്ഛതി ചൊളന്നുപരി
*കണാനുണാ പട്ടക്കടപ്പിലാ
വെന്നിമ്മൂന്നു മൊന്നെ

വദന്തിതം (സം)ജ്ഞ ദ്വിധാതി
ജാത്യാഥ
കടപ്പിലാവുംവേർച്ചായവും ക്ഷുദ്ര
മഹത്വ ഭേദാൽ ചപ്പണ മസ്ഥിര

പഴുക്കാത്തൊലി, കരിക്കിൻ വെള്ളം എന്നിവ അവയിൽ ചിലതു മാത്രം. ഇതിൽ ചിലത് ചായമുണ്ടാക്കുന്നതിനും മറ്റുചിലത് ചായം തുണികളിൽ പിടിപ്പിക്കുന്നതിനും സഹായകമാണ്. ഇത് കൂടാതെ വയ്യാനകിട്ടം, പടിക്കാരം, കഷായക്കല്ല് തുടങ്ങിയ ക്ഷാരങ്ങൾ ഉപയോഗിച്ചുള്ള പ്രയോഗവിധികളും ചെറുനാരങ്ങാനീര് തുടങ്ങിയ അമ്ലസ്വഭാവമുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള വിധികളും ഈ ഗ്രന്ഥത്തിൽ ഉണ്ട്. വസ്ത്രങ്ങളിൽ നാനാവർണ്ണത്തിൽ സസ്യലതാദികളുടെയും ജന്തുക്കളുടെയും ചിത്രങ്ങൾ ആലേഖനം ചെയ്യുന്നതിനുള്ള രീതികളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉരുക്കിയ മെഴുകുപയോഗിച്ചുള്ള ആലേഖനരീതി, പ്രശസ്തമായ ബാത്തിക് രീതിയെ അനുസ്മരിപ്പിക്കുന്നു. ചിത്രങ്ങൾ വസ്ത്രത്തിൽ പിടിപ്പിക്കുന്നതിനെകുറിച്ചുള്ള വിവരങ്ങളും ഇതിൽ കാണാം.

**എഡിറ്റിംഗ്**

ഒറ്റപ്പകർപ്പുമാത്രമുള്ള താളിയോല ഗ്രന്ഥങ്ങളുടെ എഡിറ്റിംഗ് രീതിയാണ് ഈ പാഠം എഡിറ്റ് ചെയ്യുന്നതിനായി ഉപയോഗിച്ചിട്ടുള്ളത്. താളിയോലയിലെ ചില പൊടിഞ്ഞുപോയ ഭാഗങ്ങളിലുള്ള ഒന്നോ രണ്ടോ അക്ഷരങ്ങൾ ഏത് എന്ന് ശ്ലോകങ്ങൾക്കുള്ളിൽ ഊഹിച്ച് ചേർത്തിട്ടുണ്ട്. അത് പ്രത്യേകം ബ്രാക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്നു. ഗദ്യവും പദ്യവും ആയിട്ടാണ് ഈ ഗ്രന്ഥം നിബന്ധിച്ചിട്ടുള്ളത്. വൈജ്ഞാനിക ഗ്രന്ഥം ആകയാൽ പദ്യത്തിന്റെ പൂർണ്ണ സ്വഭാവം പാലിച്ചിട്ടില്ല എങ്കിലും പദ്യഭാഗങ്ങളിൽ ചില ശ്ലോകങ്ങൾക്കെങ്കിലും ഗ്രന്ഥത്തിൽ നമ്പർ നൽകിയിട്ടുള്ളതുകൊണ്ട് ആശയം വ്യക്തമാകത്തക്ക രീതിയിൽ ശ്ലോകങ്ങൾ ഒരു പോലെ വരിതിരിച്ച് എഡിറ്റ് ചെയ്യാനും അർത്ഥം പൂർണ്ണമാകുന്നിടത്ത് വിട്ടുപോയ ശ്ലോക നമ്പരുകൾ ചേർക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. മാത്രമല്ല ഗ്രന്ഥത്തിൽ പന്ത്രണ്ടാം ശ്ലോകത്തിനുശേഷം ഉള്ള ശ്ലോകത്തിന് 14 എന്ന നമ്പരും അതിനു ശേഷം 13 എന്ന നമ്പരും ചേർത്തു കാണുന്നുണ്ടെങ്കിലും അർത്ഥത്തുടർച്ചയ്ക്കനുസൃതമായി 14 എന്ന നമ്പർ കൊടുത്ത ശ്ലോകമാണ് 12 ന്റെ തുടർച്ച എന്ന് മനസ്സിലാക്കിയതുകൊണ്ട് അതിന് 13 എന്നും തുടർന്നുള്ളതിന് 14 എന്നും നമ്പർ നൽകിയിട്ടുണ്ട്. ഗദ്യഭാഗങ്ങളിൽ പ്രത്യേകം തലക്കെട്ട് പോലെ സൂചിപ്പിച്ചിട്ടുള്ള ഭാഗങ്ങൾ തലക്കെട്ടായി തന്നെ നൽകിയിട്ടുണ്ട്. താളിയോല ഗ്രന്ഥങ്ങളിലെ എഴുത്തിൽ പൊതുവെ ഹ്രസ്വദീർഘഭേദം, ചന്ദ്രക്കല ഇവ നൽകാറില്ല. എഡിറ്റിംഗ് വേളയിൽ അതിനെ മാറ്റി ഹ്രസ്വ ദീർഘഭേദവും ചന്ദ്രക്കലയും നൽകി പാരായണക്ഷമ മാക്കിയിട്ടുണ്ട്. വേണ്ട ഇടങ്ങളിൽ കുറിപ്പുകൾ ചേർത്തിട്ടുണ്ട്. ചില പ്രാദേശിക ഭാഷാരൂപങ്ങൾ ഗ്രന്ഥത്തിലുള്ളത് അങ്ങനെ തന്നെ നൽകുകയും അതിന് ആവശ്യമായ കുറിപ്പുകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്. വിശദീകരണം വേണ്ട ഭാഗങ്ങളിൽ നമ്പർ നൽകി കുറിപ്പിൽ അതിനെ വിശദീകരിച്ചിട്ടുണ്ട്.

ഹരി: ശ്രീ ഗണപതയെ നമ:

അവിഘ്നമസ്തു

ശ്രീ ഗുരുഭ്യോ നമ:

വസ്ത്രേ ചിത്രംവരുത്തേണ്ടുകിൽ ബഹുശ: ശോധയിത്വാ കടുക്കാ പഞ്ചാ-
ശദ്വസ്ത്രമൊന്നിന്നതു പിഴിക നടേ പേഷയിത്വാച്ഛതൊയെ തച്ചൊപ്പി -

ച്ചിട്ടു വീതോപരി നിവരെ വിരിച്ചാലേഖ്യ തൂലികാഗ്രൈരനേന
വെയ്യോട്ടിലാന്ദ്രീകൃത മെഴുകിലൂടനതു മുക്കിമുക്കി ക്ഷണേന (1)

വാജിവാരണ ലതാകുസുമാദി
നന്യ ഭൂതാദി ഖഗഭേദ നഗാദ്രിം
വ്യാഘ്ര സിംഹ ജലജന്തുവിശേഷാ-
നാലിഖെ ജനദൃങ് മനോഹരാ (2)

നാനാവർണ്ണം വരുത്തേണ്ടുകിലരുണനിറം വേണ്ടതല്ലാത്തതെല്ലാ-
മച്ഛിന്നംതൂലികാഗ്രൈരെഴുതിമെഴുകുകൊണ്ടാചരാദ്യ പിന്നെ തദ്വൻ
മറൊപുറത്തുറ മെഴുകെഴുതി മറിച്ചിട്ടതിൽ രണ്ടുപാടുീ
ക്ഷാരം തേക്കേണമഞ്ചാറുരു പതുവധിൽ മുക്കീട്ടു പോർകെ ചിദന്തേ (3)

പൊടിപ്പുനൽപ്പടിക്കാര -
മളന്നാൽ നാലിരട്ടി നീർ
ചേർത്തുരുക്കിയ നീർ തേക്ക-
വഞ്ചാറുരു ഉണക്കിയും (4)

ക്ഷാരം തേച്ചുകഴിഞ്ഞചേല കഴുകി പിന്നെ പടിക്കാരനീർ
തന്നിൽ ശുദ്ധ മിരിമ്പുചുട്ടു മുഴുകിച്ചേറ്റം തണുത്താലതിൽ
മുക്കൊച്ചേല ഒരിക്കലെസ്യ മെഴുകിച്ചുഷ്ണോദക മുക്കിയാ-
ലൊക്കെപോമഥരക്തവർണവുമഭിഷ്ടമേറുമച്ചേലമേൽ(5)

ചെഞ്ചായാഖ്യം തൃണമയമതോ
നൊങ്ങണപ്പുല്ലുപോലെ
കേൾപ്പൂ സാമ്യം ഭവതു ബഹുശം
പാണ്ഡ്യ ചോളാദിദെ
മൊതിക്കൃഷ്യാഖ്യ ദ്വിവിധ മവിടെ
ക്ഷുദ്രൻ സംജ്ഞ
______________________
__________________ (6)

പുവത്തന്യദ്രവ്യം പനിയുതൽ
നിച്ഛതി ചൊളന്നുപരി
*കണാനുണാ പട്ടക്കടപ്പിലാ
വെന്നിമ്മൂന്നു മൊന്നെ

വദന്തിതം (സം)ജ്ഞ ദ്ധിധാതി
ജാതൃാഥ
കടപ്പിലാവുംവേർച്ചായവും ക്ഷുദ്ര
മഹത്വ ഭേദാൽ ചപ്പണ മസ്ഥിര

മതിൽ തെളിവേറ്റമുണ്ടാം (7)

കൌസുീഭപുഷ്പമതുതാനിഹ ചന്ദ്രകാവി
പുപത്തക നീർ സ്ഥിരമതിന്നു സമഞ്ച ചോളാ
തസ്മാദതിസ്ഥിരതത്വ കടപ്പിലാവും ചെല ത്വക്കു(ം)
പചിപ്പന്നിരവി കഷായക്കല്ലുമൊ ഭാസമാം

പുവത്തിങ്കലടുക്കുമെട്ടു
നിറമേറീടുന്ന വെൺപാടവി
ചപ്പങ്ങത്തിനുമുണ്ടുരപ്പു പിന്നെ
പടിക്കാരാംബു തേച്ചേറ്റവും
മുക്കിക്കൊള്ളുകനല്ലയായ്കി
ലിളകിപ്പോമലക്കീടിനാൽ(8)

കൌസുംഭം ചന്ദ്രകാവിതൃതിനിഹ കടലാടിഭവ ക്ഷാരമേറ്റം
നല്ലൊന്നല്ലോ പരിണത ചെറുനാരങ്ങ മറ്റെല്ലാമെല്ലാം കൊള്ളാ-
മെന്നാഹുരെ പുനരതിനു പടിക്കാരവും നൂറുമാംപോൽ എല്ലാ
ക്ഷാരങ്ങളും നന്നതിധവളമതോ യുക്തി കൊണ്ടോക്കുമെല്ലാ(9)

ചന്ദ്രകാവി നിറമേറ്റുവാൻ ക്ഷാര,
വാരി വരിവീക്ക ചേലയെ
ചാന്ദ്രവാരിണി കുസുംഭ പുഷ്പജെ
മുക്കി എണ്ണയിൽ നനച്ചു മർജയൽ (10)

വസ്ത്രം നൂലിന്നു മിത്യാദി കേളിഹ
പലമൊന്നിന്നുഴക്കുള്ളകൂട്ടാം
ചമ്പ്രാണിക്ഷാരമേകംപലമതു
സലില പ്രസ്ഥയുക്തംസ്സതൈലം
മർദ്ദിച്ചഞ്ചാറുവട്ടം പിഴിക ഇട ഇടെ തോർത്തിയും
പിന്നെ ഈരേ-
ഴാവർത്ത്യ തൈലം ഹി നന ഹിതമിതി തഥാ
ക്ഷാരവും കെരജെഞ്ച (11)

കേരാദി ക്ഷാരമെങ്കിൽ പുനരതു വളരെ
കൂട്ടുവോകാരമെല്ലാ-
മേറ്റം ചൊല്ലേണമല്ലാതളവിൽ നിറമുറപ്പീല എന്നാഹുരെ
തേക്കാമുക്കാമുരുക്കി സഹിത ജല
പടിക്കാര മഞ്ചാറു വട്ടം
ചേർക്കാമൊന്നിന്നിതെല്ലാം
പൃഥംഗമപി പടിയുണ്ടേ മേലേതി കേചിൽ (12)

മുക്കാം നൂറ്റിലൊരിക്കലെങ്ങിടയിടെ
തോർത്തീട്ടു ഗോപീജലെ

പത്താവർത്തി തഥാ സളിച്ചു സജലം
തേക്കാം പടിക്കാരവും
തേക്കാം തൈലമൊരിക്കലെങ്ങ്
പലവട്ടം നല്ല വസ്ത്രാണിയാം
ക്ഷാരാംബു സപി മുക്കിയാലൊരു
പടിക്കാരാംബു തേക്കാമിതി.(13)

മൂലത്തൊക്കു കടപ്പിലാവിലൊദിതം
സംഗ്രഹ്യവസ്ത്രാദിയോ
ടൊപ്പം തുക്കിയിടിച്ചരച്ചു ചേരുകായാപി
ജലാംബു പ്ലുതം
നൂലും വസ്ത്രവുമെന്നതിട്ടൊരു ദിനം
പാർത്തന്യവാരെ പചി-
പ്പാവുന്നേരമെടുത്ത് നീർതെളിവോളം
സംക്ഷാള്യ സംശോധയൽ(14)

മുക്കാം പിന്നെയുമൊന്നു രണ്ടുടെ
നിറം വന്നീലയെന്നാകിലെ
മുക്കാലർദ്ധവുമൌഷധം സമുചിതം
പിന്നതു മുന്നേതിനാൽ
ചപ്പങ്ങത്തിനുമിപ്രകാരമഴകിൽ
ക്ഷാരം പിടിപ്പിങ്ങനെ
മുക്കുന്നാകിലിളക്കമില്ലിതു പടിക്കാരാംബു
തേച്ചാകിലാം(15)

നീലാപ്തിക്കതി നീലനീരദംഘനേ കാലായനേ ദക്ഷിണേ
ഗൃഹ്ണീയ പരിദലാന്യ സീതപക്ഷെകാദശാദൗ നിശി
വെച്ചൊട്ടും വെയിലത്തു വാട്ടമിലയാതെ കണ്ടു കുംഭാന്തരെ
ചേർത്തിട്ടേറ്റമമർത്തു രണ്ടു ദിവസം ചെന്നാലിടിച്ചേറ്റവും(16)

പിന്നെ കുന്നിദലാംബു സംപ്ലുതമിടാം ഞാറത്തൊലി തോയവും
തന്നിൽ ചേർത്തു നിവേശ്യ കുംഭജഠരെ നാലഞ്ചു നാൾ പാർത്തഥ
കെട്ടിക്കൊണ്ടൊരുചുൽ പ്രമാണമാവരിക്കൊലൊപ്പമഗ്രം മുറി-
ച്ചുള്ളിൽ ചേർത്തുതിരിച്ചിളക്കി ബഹുശ: കുത്തേണ മാവോളവും (17)

എന്നാൽ വാരി തെളിഞ്ഞു വന്നതുകളഞ്ഞീടാം കലങ്ങീടിലൊ
തന്നിൽ ചെറ്റു തളിച്ചു കൊള്ളുക പടിക്കാരാംബു ചൂർണഞ്ച വ
നന്നന്നാഹവിതി കലപ്പുതെളിയെ കുത്തിപ്പിഴിഞ്ഞുള്ളനീർ
പിന്നെ പങ്കജമെടുത്തുണക്കുക മരദ്രൗണ്യാം
തദാ നീലമാം. (18)

പുനീലത്തിന്നുമിപ്രകാരമമരീപത്രം
പറിച്ചാതപെ

മാൽകിച്ചല്പം മുക്കിവെക്കതു ഘടേ
സംപൂര്യ ശുദ്ധാംഭസാ
കുത്തിക്കുത്തിയടക്കിവെക്ക ബഹുശ:
തക്കോലു കെട്ടീട്ടു മ-
ച്ചൂൽക്കൊണ്ടെപ്പൊഴുമിത്ഥമേവം ദിനമങ്ങഞ്ചാറുചെന്നാലഥ (18)

മർദ്ദിച്ചിട്ട പിഴിഞ്ഞരിച്ചു സലിലം
വാ ദോനപാത്രം പചി-
ച്ചല്പാലംബിതൗ പൊടിച്ചാദി പടിക്കാരം
തിളക്കും വിധൗ
അച്ഛവാരി തെളിഞ്ഞു മേൽവരുവോളം നേരം പചിച്ചിട്ടുടനെ
വാങ്ങിക്കൊണ്ടുജലംതെളിഞ്ഞതു
മരദ്രോണ്യാമൊണക്കാമഥ (19)

നീലാംപാലദലം കരിങ്കരദലം നീലീ
ച കുന്നീദലം
നാലും നീലംകിംകതനാനി ച തഥാ കണ്ടു
കരിഞ്ഞാവലും
പത്രം തൊക്കു സമൂലമങ്ങവണ്ടിച്ചും തൊക്കു നിഷ്ബാധമായ്
കല്പിച്ചും ഘടമദ്ധ്യാച്ചഥ തീയാൽ ——
മെൽ മർദ്ദനവും (20)

നീലം മുക്കേണമെങ്കിൽ പുനരതു
വിളയിച്ചിട്ടു പിൽ ദ്രവ്യമെ(ല്ലാം)
കാലേ സംഗ്രഹ്യ നീലം ദല പല മമലം
ചാണമേലിട്ടു പിഷ്ട്യാ
നീലത്തിൽ പാതി തൂക്കി തകരയില പറിച്ചേറ്റവും മർദ്ദയിത്വാ
മേളിക്ക(വെണ്ണ)മമു നൂറ്റിൽ കുഡുംബമളന്നല്ല തൈലാദിഹീനം(22)

ചമ്പ്രാണി രാമച്ചം പലമതിനിരിപത്തഞ്ചുമഞ്ചേറെയും വാ
കൂട്ടാമേറ്റം തകർത്തിട്ടതി(ലു) മധികമാക്ഷ്യപിച്ച്യ ഫേനലാഭാൽ
ഉപ്പല്ലം തൈലമിത്യാദികളധിക വിധിയാമെന്നറിഞ്ഞിട്ടിത്ഥം
മേൽ ഭാഗത്തഥ ഘട ജഠരെജെ ശിക്ഷയാ രക്ഷണയും (23)

വിളയിച്ചൂടെ കിടന്ന നീലം പഴതായെങ്കിലുമൊട്ട് കൂട്ടുമാകിൽ
ഉറകൂട്ടുമതങ്ങുപക്വമുഗ്ദ്ധം വികൃതിം യാതി
യഥാല്പ തക്ര-
യോഗേയേവാ വെപ്പു നിപാതെ വദനമപി
വിധായാത്ര മുമ്മൂന്നു-
നെരമിത്യഞ്ചെന്നിളക്കിട്ടു പുനരവരിക്കോലുകെട്ടീട്ടനേന (24)

മുക്കീടുനീലമതുമേഴാംദിവസ-
മതുനുരഞ്ഞേറ്റവുംവിസ്രമായാൽ
മുക്കിടാമെടുത്തിങ്ങിടയിടയിൽ

മനാൽ തൊത്തിയും പേർത്തു പേർത്തു(25)

കറുപ്പു മുക്കീട്ടന്നിറം തികഞ്ഞാൽ
കരിങ്കര ത്വക്ക ക്വഥിതേപി മുക്കാം
ഉറപ്പു മുണ്ടാമൊളിവും വരുത്താം
നിറത്തിനെന്നിതു മെൽ മരുന്ന(26)

തൈലം തട്ടി പ്രമാദാൽ പിഴവരികിലുടൻകുന്നിതല
(മ)ത്ര തോയം
കൂട്ടീട്ടാചരാദ്യ പാർത്തങ്ങൊരു ദിനമപരെ വാസരെ മുക്കു
കെന്നാൽ
നീലത്തിൻ ദോഷവും പോം നിറവു മറി വരും മറ്റുമുപ്പീയമെന്ന
ങ്ങിത്യാതേവന ദോഷ പ്രശമമറി ഭവേദേവമാമാസവേന(27)

കാളിക്കുഴമ്പിനുറുമാമ്പഴ വല്കപഥ്യോ
മാശിക്കയും ച കരിഞ്ഞാരാൻ കരിങ്കരത്തോൽ
വാഴക്കുല സ്വരസ ചേർക്കുരു നീലി പത്രം
വയ്യാന കിട്ടമിവ മറ്റുമിടിച്ചു കൂട്ടാം(28)

വേകിച്ചിട്ടു കടുക്ക കഞ്ഞി സലിലേ
നന്നാ-
യിടിച്ചിട്ടതിൽതന്നതു പിഴിഞ്ഞരിച്ചതി
ജലം കൂട്ടീട്ടുമുക്കുംവിധൌ ശോധിച്ചീടിന
പട്ടുനൂലിലിഹ നിറം കൃഷ്ണം കരേറ്റിടുവാൻ(29)

തേക്കുംകുനുന്നുതൊലി നെല്ലമര ത്വ ചാപാ
താന്നിക്കപഥ്യാകൾ ചെർക്കുമിരുമ്പുകിട്ടം
കൂട്ടീട്ടു കഞ്ഞി സലിലേപി ചമച്ചിരുന്നാ-
ലേറ്റം കറുക്കുമിഹമദ്യ ജലേന ചേർത്താൽ(30)

പട്ടു മുഷിഞ്ഞതു കഴുവാൻ

ചമ്പ്രാണി ക്ഷാര വാരി തെളിയിച്ചുച്ചസിതാ
ചെറുപയറും മാവുന്തൊലി ഉറുവഞ്ചിപ്പഴം ചീനിക്ക

പൊടവ കാച്ചുന്ന പ്രകാരം

നടേ പൊടവ നന്നായി വെളുന്നനെ അലക്കി മൂന മുളത്തിന്ന
എകദെശം * അ(മ്പ))തു കടുക്ക കണ്ട അരച്ച്

പൊടവ നന്നായി നനയാൻ വെണ്ട വെള്ളത്തിൽ കലക്കുക.

പിന്നെ ചമ്പ്രാണിക്കാരം വസ്ത്രത്തൊടൊപ്പം തൂക്കിപലത്തിന് നാനാഴി വെള്ളം വീത്തി നന്നായി കലക്കി തെളിയിച്ച (ആ ) വെള്ളം മറ്റൊരു പാത്രത്തിലാക്കി അക്കാര വെള്ളത്തിൽ മുക്കി ഒണക്കി രണ്ടാമതു പിന്നെ കടുക്കാവെള്ളത്തിൽ പിഴിഞ്ഞുണക്കി വെപ്പു.

പിന്നെ നല്ല കരിക്ക് കൊണ്ടന്ന് ഉരല് നന്നായി മോറിക്ക ഉണക്ക. അതിൽ ഇടിച്ചു പിഴിഞ്ഞു തുണ്ടാക്കി . ...

വസ്ത്രത്തൊടൊപ്പം നല്ല പൂനീലം തൂക്ക.

നന്നായി അരിച്ച കരിക്ക് വെള്ളത്തിൽ കലക്കിക്കൊള്ളൂ. കുറഞ്ഞൊരെ ഇരിമ്പിൻ കിട്ടം നന്നായി ചുട്ട് മണ്ണ് പോയാൽ തകർത്ത് ഇതിൽ കുട്ടു കൂടെക്കൂടെ ഇട്ടുകൊള്ളൂ. കുറഞ്ഞൊരു ചമ്പ്രാണിക്കാരവും ഇതിൽ പൊടിച്ചിട്ട് കൂടെ ഇട്ടുകൊള്ളൂ. എന്നിട്ട് അടുപ്പത്തു വെച്ച് പതുക്കെ തീകത്തിച്ച് നാലൊന്നാമോവാളം കുറുക്കി വാങ്ങി മറ്റൊരു പാത്രത്തിലൂറ്റിക്കൊള്ളൂ. കരട് കൂടാതെ നടെ പിന്നെ കടുക്കപിടി പിഴിഞ്ഞ പുടവ മിഴുക്കില്ലാത്തവെള്ളത്തിൽ നനച്ചിട്ട് കളഞ്ഞ് തോർത്തി ഈ നീല വെള്ളത്തിൽ കൂടി അന്ന് അങ്ങിനെ വെച്ചേച്ച് കുറേ തീ കത്തിച്ച് പിന്നെന്നാളെടുത്തിനെ കുറെ തീകത്തിച്ച് ഒരു നാഴിക നേരം വെവിപ്പൂ. ഒരു കോലുണ്ടാക്കി തെരുതെരെ മർദ്ദിച്ച് കിടക്കുന്നേടം നീല വെള്ളത്തിൽ കുത്തിയേക്കണം. പിന്നെ വാങ്ങി വെച്ച ആറിയാൽ പിന്നെന്നാളെടുത്ത് പിഴിഞ്ഞ തൊരയിട്ട് ഒണക്കിയാൽ ചായം ഇളകുകയില്ല.

ഇനി ഒരു പ്രകാരം

ഒരു പലം നീലം അരച്ച് തരിയുണ്ടെങ്കിൽ പിന്നെയുമരെച്ചു കലക്കി ഒരു പലം നീലത്തിന്നു രണ്ടു കുടം വെള്ളം, മുഴക്ക തകരക്കുരു വെള്ളം വീത്തി നന്നായി പുഴുങ്ങി നന്നായി തിരുമ്മിയുടച്ച് ഈ നീല വെള്ളത്തിലിട്ടു വെപ്പൂ. അഞ്ചു പലം ചമ്പ്രാണിക്കാരം ചെറുതാക്കി ഒടച്ച് ഇതിലിട്ടു കാറ്റുതട്ടാതെ അടച്ച് വെച്ചെപ്പൂ.രണ്ടു നെരവും ഇളക്കിക്കൊള്ളൂ. ആറുദിവസം കഴിഞ്ഞാലിതിനെ വെള്ളമെടുത്ത് അതിൽമുക്കി ഒണക്കി പിന്നെയും നിറം മതിയാവൊളം മുക്കിക്കൊള്ളൂ. എന്നാൽ ചായം ഇളകില്ലാ.

ചോപ്പ് മുക്കുവാൻ ഒരു പക്ഷാന്തരം ചൊല്ലുന്നു

വലിയ കൊൾക്ക ഒരു പലം ചമ്പ്രാണിക്കാരം ഒടച്ച് വെള്ളത്തിലിട്ട് *വെഘല വെപ്പൂ...രണ്ടു കുടം ഇങ്ങിനെ ആറെഴി ദിവസം കഴിഞ്ഞാൽ ശീല നടെ നന്നായി അലക്കി എടുക്കൂ.ആഴക്കിൽ പുറം എണ്ണയും ശീല നനെവാൻ വേണ്ടും കാര വെള്ളവും കൂട്ടി കുംഭത്തിലാക്കി ശീല നന്നായി മുക്കി വെയില ത്തൊണക്കിക്കൊള്ളൂ. ദിവസം രണ്ടുവട്ടമേ മുക്കേണ്ടൂ. ഇങ്ങനെ ആവോളം ദിവസം മുക്കിയാൽ നന്ന്. വെള്ളം പോരായ്കിൽ പിന്നെയും ഇക്കാരത്തിൽ വീത്തി പിറ്റെന്നാളെടുത്ത് മുക്കാം. ഒരു ദിവസം മുക്കുവാനെത്തീലാ എന്ന് വരികിൽ ദോഷമില്ല.ഇങ്ങനെ മുക്കി തീർന്നാൽപിന്നെയും പതിനഞ്ചു ദിവസം വെയിലത്തൊണക്കെണം. പിന്നെയുന്നിത്യമായി ഒണക്കിയാൽ വളരെ നന്ന്.

ഇങ്ങിനെ കാരം പിടിച്ചാൽ ശീല പശ പിരണ്ടപോലെ ഉരത്ത് ചമയും. പിന്നെ എതിരെ ഒരു കുടം വെള്ളം വെയിലത്തു വെച്ച് തിരിഞ്ഞ് പതിറ്റടി യാകുമ്പോൾ

ഈ വെള്ളം കൊണ്ട ശീല കഴുകി പിന്നെയും ശീല വേണ്ടുവോളം വെള്ള ത്തിൽ കുത്തിക്കഴുകിക്കൊള്ളൂ. ഇതിന് ക്ഷാരവിധി പിന്നെ കടപ്പിലാവിന്റെ വേരു മേലെത്തൊലി നന്നായി അരെച്ച വസ്ത്രത്തൊടൊപ്പം തൂക്കി പലത്തി

ന്നമ്പിനാഴി വെള്ളം കൊണ്ട് അതിൽ മരുന്ന് കലക്കിക്കൊള്ളു.വിശേഷിച്ചു കാശാവിന്റെഇല ഇടിച്ചുപിഴിഞ്ഞ വെള്ളം കൂടെ കൂട്ടിക്കൊള്ളൂ. ഇതിൽ വസ്ത്രമിട്ട് ഒരു ദിവസം വാർത്ത പിറ്റെന്നാൾക്കവെ തീക്കരതിച്ച് വെവിപ്പു കൊണ്ടാൽ നിറം പിടിപ്പതും ചെയ്യും. പിന്നെയും വാങ്ങി പിഴിഞ്ഞുണക്കി പിന്നെയും മുക്കി ഒണക്കിക്കൊള്ളൂ. എന്നാൽ അലക്കിയാൽ ചായം എളകുകയില്ല. പിന്നെ നടെത്തെ പടിക്കാര വെള്ളത്തിലും മുക്കി ഒരു ഒണക്കാം. പിന്നെ മുക്കാം.

പുന്ന/ പുനപ്പു പിഴിവാൻ ഒര് ഒപായം

നടേ വസ്ത്രം നന്നായി അലക്കി കൊളമാവിന്റെ തൊലിയും കടുക്കയും കൂട്ടി ഇടിച്ച് കുറെ നേരം വെള്ളം വിത്തി അലക്കി ഏകദെശം വസ്ത്രം നനവാൻ വേണ്ടും വെള്ളം വേണമെന്നാൽ ഇതിൽ മുക്കി ഒണക്കിക്കൊള്ളൂ.

വസ്ത്രം പിന്നെ ഒരു ഉറുമാൽക്കു ഏകദേശം അഞ്ചാറു പലം പുനപ്പു കൊണ്ടന്ന നന്നായിട്ട ഉരലിൽ ഇടിച്ച വാങ്ങി ഒര് മുണ്ടിലാക്കിക്കെട്ടി മിഴുക്കില്ലാത്ത വെള്ളത്തിൽ മുക്കി നനഞ്ഞാൽ പുടവയുടെ ഉള്ളിലിട്ട് നന്നായി പിഴിഞ്ഞ് വെള്ളം കളഞ്ഞ കുറഞ്ഞൊന്ന് ഒലത്തി പാകത്തിലെടുത്ത ചകിരിയും മടലും ചുട്ട ചാരം കറുത്തത് ഒക്കെ കളഞ്ഞ ചാരം കുട്ടിത്തിരുമ്മി പിന്നെ കുരത്തി തറെച്ച മുണ്ടു കെട്ടി ചോട്ടിലൊരു പാത്രം വെച്ചെ വെള്ളം തളിച്ച് ഇറക്കു. ഒരിക്കൽ വസ്ത്രം മുക്കിയാൽ നനയാൻ വെണ്ടും വെള്ളം ഇറങ്ങിയാൽ പാത്രം അത് എടുത്ത് മറ്റൊരു പാത്രം വെപ്പു. പിന്നെ ചെറുനാരങ്ങാ നീരുണ്ടാക്കി അതിൽ ന ചേരുന്നത കൂട്ടി എളക്കി അതിൽ നടേത്തെ കടുക്ക പിഴിഞ്ഞ വസ്ത്രം മുക്കി ഒരു കല്ലുമെൽ തച്ച് അലക്കൂ. വെള്ളത്തിൽ മുക്കേണ്ട താനും. പിന്നെ പിഴിഞ്ഞ പാത്രം പുപ ഏറ്റുകൊള്ളുവാൻ ചോട്ടിൽ വെച്ചെപ്പു. എടുത്ത പുപ്പിൽ നടെത്തെപ്പോലെ നാരങ്ങാ വെള്ളം കൂട്ടി നടെത്തെപ്പോലെ പിന്നെയും മുക്കി കലക്കു. പിന്നെയും അവ്വണ്ണം തന്നെ. ഇങ്ങിനെ നാലു വട്ടം മുക്കി ത്തല്പാൽ പുപ്പ തന്നിൽ *കയറുകായൊക്കെ മഞ്ഞൾ നിറമായി അലക്കുമ്പൊ തച്ചപോലെയാകും. പിന്നെ ഈ വസ്ത്രം നല്ല മിഴുക്കില്ലാത്ത വെള്ളത്തിൽ മുക്കി പതുക്കെ പിഴിഞ്ഞ കാറ്റത്ത ഒര് പടി മേൽ ഇട്ടാൽ പിന്നേന്നാളെക്ക തോരും. ഇത് പിന്നെക്ക് പിഴിഞ്ഞ് കൊള്ളു. പിന്നെയും മുഷിഞ്ഞാൽ വെളുത്തേടത്ത കൊടുത്ത് പുഴുകാതെ അലക്കി കഞ്ഞി പിഴിയാം. നിറം പോകയില്ല. മിഴുക്ക് തട്ടിയാൽ ആകാതെ പോം.

**പച്ച മുക്കുവാൻ**

പച്ച മുക്കുവാൻ ഒള്ള കഴുങ്ങ വെട്ടി ഈക്കില കളഞ്ഞിട്ടുള്ളത് പത്തു പലം കഞ്ഞുണ്ണിഅഞ്ചു പലം പച്ചമഞ്ഞള മൂന്നു പലം പഴുക്കാത്തൊലി ഇടിച്ച പിഴിഞ്ഞ വെള്ളം ഇരുനാഴി ഇവ എല്ലാം കൂടെ ഇടിച്ച് രണ്ടിടങ്ങഴി കരിക്കിൻ വെള്ളം എടുത്ത് ഇവ എല്ലാം അതിലിട്ട് തിരുമ്മി പിഴിഞ്ഞ് പഴുക്കാനീരു കൂട്ടി അരിച്ച് മുണ്ട് എങ്കിലും പുടവ എങ്കിലും മുക്കെണ്ടത് വഴി പോലെ വെളുക്കെ അലക്കി വസ്ത്രത്തൊടൊപ്പം കടുക്ക തൂക്കി ഇടിച്ച് പലത്തിന് രണ്ടിടങ്ങഴി കണ്ട് വെള്ളം വെച്ച് മുന്നൊന്നാക്കി വാങ്ങി ആറിയാൽ കടുക്കയൊടൊപ്പം ചെറു

[illegible]ാവിന്റെ ഇല ഇടിച്ച് കടുക്കാവെള്ളത്തിൽ കൂടെ ഇട്ട് തിരുമ്പി പിഴിഞ്ഞരിച്ച കുറഞ്ഞൊരു പടിക്കാരം പൊടിച്ചിട്ട് ശീല അതിൽ മൂന്നു പ്രാവിശ്യം മുക്കി ഒണക്കു. പിന്നെ മുമ്പെ ഉണ്ടാക്കിയ വെള്ളത്തിൽ ഇട്ട് ഒരു യാമം കിടന്നാൽ എടുത്ത് പതുക്കെ പിഴിഞ്ഞ്  തോരയിട്ട് ഒണക്കിയാൽ പിന്നെയും മൂന്നു പ്രാവിശ്യം ഈ വെള്ളത്തിൽ തന്നെ മുക്കാം. ഒണക്കി കഞ്ഞി പിഴിഞ്ഞു തച്ചാൽ നല്ല പച്ചനിറമായിരിക്കും.

മാശിക്ക മഞ്ഞളുറുമാമ്പഴ വല്കപഥ്യം പെഷിച്ചുകൊണ്ടെഴുതിയാലതു പോകയില്ല.

## ഗ്രന്ഥസൂചി


രാഘവവാരിയർ, രാജൻഗുരുക്കൾ, 2012: കേരളചരിത്രം പാർട്ട് 2 വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, എടപ്പാൾ.

സാമുവൽ മെറ്റീർ, 2010: ഞാൻ കണ്ട കേരളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.